"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മലപ്പുറം ജില്ലയിലെ മങ്കട പള്ളിപ്പുറം സ്വദേശി ശ്രീ. ബിനീഷ് കോട്ടത്തൊടിക്ക് വീട് നവീകരണത്തിന് കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1377/2024/LSGD തീയതി,തിരുവനന്തപുരം, 29-07-2024

---

പരാമർശം:-

1. കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18-01-2024 തീയതിയിലെ 20/1 നമ്പർ തീരുമാനം

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20-04-2024, 01-07-2024 തീയതികളിലെ LSGD/PD/15135/2024-GEB1 നമ്പർ കത്തുകൾ

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരനും ഹൃദ്രോഗിയുമായ ശ്രീ. ബിനീഷ് കോട്ടത്തൊടി തന്റെ വീടിനോട് ചേർന്ന് ഒരു മുറികൂടി ഉൾപ്പെടുത്തി താമസസൗകര്യമുള്ള വീടാക്കുന്നതിന് ധനസഹായത്തിനായി നവകേരള സദസിൽ അപേക്ഷ നൽകിയിരുന്നു. ടിയാൻ രോഗിയായ ഭാര്യയോടും ചെറിയ ക്ലാസിൽ പഠിക്കുന്ന കുട്ടികളോടുമൊപ്പം സുമനസ്സുകൾ നിർമ്മിച്ചു നൽകിയ ഒറ്റമുറി വീട്ടിലാണ് കഴിയുന്നത്. ഒറ്റമുറി വീടുള്ളതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും വീട് അനുവദിക്കാൻ കഴിയാത്തതും, ആശ്രയപദ്ധതിയിൽ ഉൾപ്പെട്ട കുടുംബമായതിനാൽ അതിദരിദ്രരുടെ പട്ടികയിൽ നിന്നും ഒഴിവായതുമായതിനാൽ അപേക്ഷകന് വീട് വലുതാക്കുന്നതിന് രണ്ടു ലക്ഷം രൂപ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ബിനീഷ് കോട്ടത്തൊടിയ്ക്ക് വീട് നവീകരണത്തിന് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകാവുന്നതാണെന്നും പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറകുടെ ശിപാർശ എന്നിവ പരിഗണിച്ച് മലപ്പുറം ജില്ലയിലെ മങ്കട പള്ളിപ്പുറം സ്വദേശി ശ്രീ. ബിനീഷ് കോട്ടത്തൊടിക്ക് വീട് നവീകരണത്തിന് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 29-07-2024 15:02:35
സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം
സെക്രട്ടറി, കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്, മലപ്പുറം
ശ്രീ. ബിനീഷ് കോട്ടത്തൊടി, നെല്ലിപ്പറമ്പ്, മങ്കട.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ, ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
കരുതൽ ഫയൽ